ടെലിഫോൺ നമ്പർ : 2512524
പോസ്റ്റ് ബോക്സ് നമ്പർ : 5430
ഫാക്സ് : 0471-2305891
പിൻ കോഡ് - 695 033
ഇ-മെയിൽ: secretary@niyamasabha.nic.in

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്

നം. 16884/കെ.എൽ.(എ.സി)എ 1/2024/നി.സെ (വാല്യം 2)

തിരുവനന്തപുരം,
02.12.2024

**ക്വട്ടേഷൻ നോട്ടീസ്**

കേരള നിയമസഭയുടെ മൂന്നാമത് അന്താരാഷ്ട്ര പുസ്തകോത്സവത്തിൽ ക്ഷണിതാക്കളായി പങ്കെടുക്കുന്നവരുടെ സഞ്ചാരത്തിനായി 2025 ജനുവരി 06 മുതൽ 13 വരെയുള്ള 8 ദിവസങ്ങളിൽ ഇന്നോവ ക്രിസ്റ്റ കാറുകൾ, ഡ്രൈവർ, ഇന്ധനം എന്നിവ സഹിതം ആവശ്യമുണ്ട്. ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി വാടക വ്യവസ്ഥയിൽ വാഹനങ്ങൾ നൽകാൻ ആഗ്രഹിക്കുന്ന വ്യക്തികൾ /സ്ഥാപനങ്ങൾ എന്നിവരിൽനിന്നും വാഹനങ്ങളുടെ വാടകനിരക്ക് സംബന്ധിച്ചുള്ള മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു . ക്വട്ടേഷനുകൾ "കേരള നിയമസഭ- അന്താരാഷ്ട്ര പുസ്തകോത്സവം 2025-വാഹന വാടകനിരക്ക് സംബന്ധിച്ച ക്വട്ടേഷൻ" എന്ന മേലെഴുത്തോടുകൂടി 2024 ഡിസംബർ 23-ാം തീയതി വൈകുന്നേരം 3 മണിക്ക് മുമ്പായി എസ്റ്റേറ്റ് ഓഫീസർ, നിയമസഭാ ഹോസ്റ്റൽ, പാളയം, തിരുവനന്തപുരം-33 എന്ന മേൽവിലാസത്തിൽ ലഭ്യമാക്കേണ്ടതാണ്. ലഭ്യമാകുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 4 മണിക്ക് ക്വട്ടേഷൻ സമർപ്പിച്ചവരുടെയോ അവരുടെ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതാണ് . നിർദ്ദിഷ്ട തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ പരിഗണിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾ അണ്ടർ സെക്രട്ടറി I , നിയമസഭാ ഹോസ്റ്റൽ (ഫോൺ. 9446175643) പക്കൽനിന്നും ലഭിക്കുന്നതാണ്.

**സുനിൽകുമാർ. എസ്**
എസ്റ്റേറ്റ് ഓഫീസർ & ജോയിന്റ് സെക്രട്ടറി
നിയമസഭാ ഹോസ്റ്റൽ

പകർപ്പ്:

1. വിവരസാങ്കേതിക വിദ്യാ വിഭാഗം
2. നോട്ടീസ് ബോർഡ്

**നിബന്ധനകൾ**

1. വാഹനങ്ങൾ മികച്ച പ്രവർത്തനക്ഷമതയുള്ളവയായിരിക്കണം

2. വാഹനങ്ങൾ വൃത്തിയോടും ശുചിത്തത്തോടും പരിപാലിക്കേണ്ടതാണ്.

3. ഓരോ ദിവസവും ആവശ്യമുള്ള വാഹനങ്ങളുടെ എണ്ണം തലേദിവസം വൈകുന്നേരം 6 മണിക്ക് അറിയിക്കുന്നതാണ്.

4. ആവശ്യപ്പെടുന്ന സമയക്രമത്തിൽ വാഹനങ്ങൾ ലഭ്യമാക്കേണ്ടതും അവ മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കാൻ പാടില്ലാത്തതുമാണ്.

5. വാഹനവുമായി ഡ്രൈവർമാർ നിർദ്ദിഷ്ട സമയത്ത് ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യേണ്ടതും നിയമസഭാ സെക്രട്ടേറിയറ്റിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം ഡ്യൂട്ടി നിർവ്വഹിക്കേണ്ടതുമാണ്.

6. ഏതെങ്കിലും വാഹനത്തിന് സാങ്കേതിക തകരാർ ഉണ്ടാകുകയോ പ്രവർത്തനരഹിതമാകുകയോ ചെയ്യുന്നപക്ഷം അടിയന്തരമായി പകരം വാഹനം ലഭ്യമാക്കേണ്ടതാണ്.

7. വാഹനവുമായി ബന്ധപ്പെട്ട നിയമാനുസൃത രേഖകളെല്ലാം വാഹനങ്ങളിൽ സൂക്ഷിക്കേണ്ടതാണ്.

8. ക്വട്ടേഷൻ അംഗീകരിക്കുന്നപക്ഷം വാഹനദാതാവും നിയമസഭാ സെക്രട്ടേറിയറ്റും തമ്മിൽ കരാർ വയ്ക്കേണ്ടതാണ്.

9. കരാർ സംബന്ധിച്ച ഏതു നിബന്ധനയിലും ഇളവ്/ഭേദഗതി വരുത്തുവാൻ എസ്റ്റേറ്റ് ഓഫീസർ നിയമസഭാ ഹോസ്റ്റൽ-ന് പൂർണ്ണ അധികാരമുണ്ടായിരിക്കുന്നതാണ്.

10. പ്രത്യേക കാരണങ്ങൾ കൂടാതെ തന്നെ ഏതൊരു ക്വട്ടേഷനും സ്വീകരിക്കാനും നിരസിക്കാനുമുള്ള അധികാരം എസ്റ്റേറ്റ് ഓഫിസർ, നിയമസഭാ ഹോസ്റ്റൽ-ന് ഉണ്ടായിരിക്കുന്നതാണ്.

**സുനിൽകുമാർ. എസ്**
എസ്റ്റേറ്റ് ഓഫീസർ & ജോയിന്റ് സെക്രട്ടറി
നിയമസഭാ ഹോസ്റ്റൽ

തിരുവനന്തപുരം
02.12.2024